# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.40** — **23.01.2018-ന് മറുപടിക്ക്**

### <u>മലപ്പുറം ജില്ലയിലെ എൽ.ഡി.ക്ലർക്ക് ലിസ്റ്റിലെ നിയമനം</u>

**<u>ചോദ്യം</u>** — **<u>ഉത്തരം</u>**

ശ്രീ. ആർ.രാമചന്ദ്രൻ

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | 31.03.2015 ന് നിലവിൽ വന്ന മലപ്പുറം ജില്ലയിലെ എൽ.ഡി.ക്ലർക്ക് (കാറ്റഗറി നമ്പർ 218/2013) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; | (എ) | മലപ്പുറം ജില്ലയിലെ എൽ .ഡി. ക്ളാർക്ക് തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും 819 പേരെ നിയമന ശിപാർശ ചെയ്തു . |
| (ബി) | എൻ.ജെ.ഡി. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | എൻ.ജെ.ഡി. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ കാലാകാലങ്ങളിൽ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിയ്ക്കുന്ന 16.08.2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ ഖണ്ഡിക (ix) മുഖേനയും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | 2018 വർഷത്തിൽ മലപ്പുറം ജില്ലയിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ പ്രതീക്ഷിത ഒഴിവുകളുടെ എണ്ണമെത്രയാണ്; പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം നടപടികളാണ് | (സി) | 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളത്; | | നൽകിയിട്ടുണ്ട്. |
| (ഡി) | പുതുതായി സൃഷ്ടിച്ച നഗരസഭകൾ, ഐ. ടി. ഐ. കൾ എന്നിവിടങ്ങളിലെ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ഡി)യും (ഇ)യും (എഫ്)ഉം | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | നാളിതുവരെ എൽ. ഡി. ക്ലർക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |
| (എഫ്) | പുതുതായി എൽ. ഡി. ക്ലർക്ക് തസ്തികകൾ സൃഷ്ടിക്കുവാൻ ഇപ്പോൾ പദ്ധതിയുണ്ടോ; | | |
| (ജി) | മലപ്പുറം ജില്ലയിൽ ഇപ്പോൾ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര പേർക്ക് നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ? | (ജി) | മലപ്പുറം ജില്ലയിലെ എൽ.ജി.എസ്. തസ്തികയിലേയ്ക്ക് നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും 680 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**